

## പല്ലവി

ആത്മസുഖം പോലെ ഏതു സുഖം പാരിൽ
പരമാത്മസുഖം പോലെ ഏതു സുഖം പാരിൽ

## അനുപല്ലവി

രാജപ്രതാപമോ ജഢസുഖഭ്രാന്തിയൊ
മാനസോല്ലാസമൊ ആത്മീയനെന്തിന്ന്

## ചരണങ്ങൾ

കുഞ്ഞു തന്റമ്മയിൻ മാർവിൽ വസിക്കുമ്പോൾ
യേശുവിൻ മാർവിലാണാത്മീയ ജീവിതം
താലോലഗാനങ്ങൾ അമ്മ ചൊല്ലും പോലെ
ആത്മീയർക്കാനന്ദം യേശുവിൻ വാത്സല്യം

കട്ടിലുമെത്തയും ചാരും തലയിണ
സൗരഭ്യം തൂകുന്ന വാസനാ പൂക്കളും
ചൂടുകുളിർമയും ശോഭന കാഴ്ചയും
ഏകുന്നാമുടിയും യേശുവിൻ വാത്സല്യം

ഏകാന്തജീവിത വരപ്രഭാലബ്ധനായി
കൈകൾ തലയ്ക്കു വെച്ചുറങ്ങുമാസാധുവിൻ
ശയ്യയിൽ ദൃശ്യരായി വേറാരുമില്ലെന്നാൽ
കോടാനുകോടി കളദൃശ്യരങ്ങുണ്ടല്ലോ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me



പൈസയൊന്നും കീശയ്ക്കുള്ളിൽ സമ്പാദ്യമായി
വേണ്ടെന്നുറച്ചവൻ യേശുവേപ്പോൽ ധന്യൻ
വസ്തു സമ്പാദ്യമൊ പണം വട്ടി മേടയൊ
കീർത്തി സ്ഥാനാദിയൊ ആത്മീയനെന്തിന്ന്

പച്ചിലവർഗമൊ പാകമാം കായ്കളൊ
പച്ചവെള്ളം താനൊ പാചകാഹാരമോ
ഇച്ഛയൊന്നും തീണ്ടാതാത്മീയരാസ്വദി-
ച്ചീടുമ്പോളേദന്റെ ആനന്ദം തൂകുന്നു

മുട്ടിൽ വണങ്ങിയൊ പാദത്തിൽ നിന്നിട്ടൊ
ദണ്ഡനമസ്കാരം സാഷ്ടാംഗമായിട്ടൊ
പരമാത്മധ്യാനത്തിൽ നിഷ്ഠയുറച്ചവൻ
ചെയ്യുമാരാധന എന്തു മഹാനന്ദം

പുസ്തകത്തിൻ മേലോർ പുസ്തകമായതിൽ
സത്യവേദവാക്യം വായിച്ചും ധ്യാനിച്ചും
വിശ്വാസം ആശയ്ക്കും സ്നേഹജീവാവിക്കും
സംതൃപ്തി പ്രാപിക്കും നാളിൽ നാളിൽ ഭക്തൻ

നന്മ ചെയ്‌വാനോടി നാടെങ്ങും ജീവിതം
നന്മയ്ക്കായിത്താൻ ചെയ്തോരേശുവിൻ കാരുണ്യം



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me



ആർദ്രമായുള്ളത്തിൽ ദൈനംദിനം ജ്വലി-
ച്ചായവൻ പോൽ ജീവിച്ചീടുന്നോർക്കാനന്ദം

മാനും മാൻപേടയും പർവതാഗ്രങ്ങളിൽ
തുള്ളിച്ചാടും പോലെ ക്രിസ്തുവും ഭക്തനും
വഴിമദ്ധ്യേ പാടിക്കൊണ്ടേശുവെ സാക്ഷിച്ചു
പരവാസം ചെയ്യുന്നതെന്തു മഹാനന്ദം

സെഹിയോന്റെ പൈതലേ നീയതിന്നംശിയായ്-
ത്തീരാതെ ഭൂവിലെ ജീവിതം തീരല്ലെ
ഭൗതിക മൂഢന്മാർ മ്ലേച്ഛരായി മേവുന്ന
ഭൂമയ സൗഖ്യങ്ങൾ ത്യാജ്യമെന്നോർക്ക നീ

ഭൂലോകം വിട്ടുടൻ നക്ഷത്രലോകങ്ങൾ-
ക്കപ്പുറം ചേരുന്നതിപ്രകാരമുള്ളോൻ
ഭൂവിൽ പരദേശി മോക്ഷയാത്രക്കാരൻ
പരമകനാൻ നോക്കി പാരിൽ വസിക്കുന്നു



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me